ഇൻഡിജിനസ് മെഡിസിൻ ഡിപ്പാർട്ടമെന്റു സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക കഴിവു പരിഗണിക്കാതെ എല്ലാവർക്കും സൗജന്യവൈദ്യസഹായമാണു് നൽകിവരുന്നതു്. സാമ്പത്തിക കഴിവുള്ളവരിൽനിന്നും മരുന്നു വിലയോ ഫീസോ ഈടാക്കുന്നതിനു ഇപ്പോഴും യാതൊരു നിബന്ധനയും ഇല്ല. ഇതിനെപ്പറ്റി പരിഗണിക്കാവുന്നതാണു്.

(സി) സുമാർ 15,000 ജനങ്ങളുള്ള ഓരോ പഞ്ചായത്തിലും ഓരോ അലോപ്പതി വൈദ്യസ്ഥാപനം ഉണ്ടാക്കുവാൻ അടുത്ത രണ്ടു പഞ്ചവത്സര പദ്ധതിക്കു ശേഷമേ സാധിക്കുകയുള്ളു. ആയുർവ്വേദ വൈദ്യസ്ഥാപനങ്ങളും എല്ലാ പഞ്ചായത്തുകളിലും ഉണ്ടാക്കുന്നതിനു ദീർഘകാലപദ്ധതികളും വേണ്ടിവരുന്നതാണു്.

ശ്രീ. ഈ. പി. ഗോപാലൻ : പേ വാർഡു് ചികിത്സയെ സംബന്ധിച്ചു് അങ്ങനെ വരവുണ്ടെന്നു പറഞ്ഞു. ഗവണ്മെന്റു ഉദ്യോഗസ്ഥന്മാക്കു പേ വാർഡിനു ചില കൺസഷൻ കൊടുത്തിട്ടുണ്ടു്. എം. എൽ. എ. മാക്കും പേ വാർഡിൽ കിടന്നു ചികിത്സിക്കേണ്ടി വരികയാണെങ്കിൽ ഈ മാതിരി കൺസഷൻ കൊടുക്കുന്നതിനുവേണ്ടി ഏർപ്പാടുകളും ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : നിലവിലുള്ള വ്യവസ്ഥകളും പ്രകാരം പ്രത്യേക കൺസഷൻസ് ഒന്നുമില്ല.

ശ്രീ. കൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടു് : പ്രകൃതിചികിത്സ പ്രോത്സാഹനപ്പെടുത്തുന്നപക്ഷം ഒരു പൈപോലും മരുന്നിനുവേണ്ടിയോ പേ വാർഡിനു വേണ്ടിയോ ചെലവാക്കേണ്ടിവരികയില്ല. ഈ രീതി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട സഹായസഹകരണങ്ങളും ഗവണ്മെന്റുഭാഗത്തുനിന്നും നൽകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : യാതൊരു ചെലവും കൂടാതെ ചികിത്സിക്കുവാൻ കഴിയുമോ എന്നുള്ളതല്ല പ്രശ്നം. ഫലപ്രദമായി എങ്ങനെ സുഖക്കേടു മാറ്റുവാൻ കഴിയും എന്നുള്ളതാണു് പ്രശ്നം. ഇങ്ങനെയുള്ള ഒരു അഭിപ്രായം വളരെ ശക്തമായി ശ്രീമാൻ കൂറിനുണ്ടെന്നറിയാം. അദ്ദേഹം ഒരു പദ്ധതിയും ഇതേപ്പറ്റി തന്നിട്ടുണ്ടു്. അതു് അന്വേഷിച്ചു കൊണ്ടിരിക്കുകയാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എം. എൽ. എ. മാക്കു സൗജന്യം ലഭിക്കുകയില്ല എന്നു പറഞ്ഞു. എം. എൽ. എ. മാക്കു ഇങ്ങനെയുള്ള കാര്യങ്ങളിൽ സൗജന്യം കൊടുക്കുവാനും അവർക്കു പ്രയാറിട്ടി നൽകുന്നതിനും ഉദ്യോഗസ്ഥന്മാർക്കുള്ളതുപോലെ ചില ആനുകൂല്യങ്ങളും കൊടുക്കുവാനും ഹൗസ് കമ്മിറ്റി നിർദ്ദേശം വച്ചിട്ടുള്ളതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആ വിധത്തിലുള്ള ഒരു നിർദ്ദേശം എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഒരു ഡാക്ടറെ വേണമെന്നു ആവശ്യപ്പെട്ടിരുന്നു. അതിനു വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ടു്.

പാക്കേജു് പദ്ധതി

* 591. [6] ശ്രീ. എൻ. മോസ്സരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിൽ പാക്കേജു് പദ്ധതി എന്നുമുതൽ നടപ്പിൽ വരുത്തി ;

(ബി) നാളതുവരെ എത്ര തുക ചെലവായി ;

(സി) ഈ പദ്ധതി നടപ്പിൽവന്നതിനുശേഷം കുട്ടനാട്ടിൽ നെൽക്കൃഷിയിൽ വിളവു വർദ്ധനവുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്രമാത്രം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 1961 ആഗസ്റ്റു മുതൽ.

(ബി) 9,28,647·77 രൂപ.

(സി) ഉണ്ട്.

(ഡി) പതിനെട്ട് ശതമാനം.

ശ്രീ. എൻ. രാമചന്ദ്രൻ നായർ : പാക്കേജ് പദ്ധതി ആരംഭിച്ച എല്ലാ സ്ഥലങ്ങളിലും പാക്കേജ് പ്രാക്ടീസ് ഉപയോഗിക്കുന്നതു് സാധാരണമാണു്. എന്നാൽ കുട്ടനാട്ട് പ്രദേശങ്ങളിൽ പാക്കേജ് പ്രാക്ടീസു് അവിടെയുള്ള കൃഷിക്കാരുടെ ഇടയിൽ വ്യാപിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതുകൊണ്ടു് എത്ര ശതമാനം പുരോഗതിയുണ്ടാക്കാൻ സാധിച്ചുവെന്നു് പറയാമോ ?

ശ്രീ. ഈ. പി. പൗലോസ് : അവിടെയുള്ള കൃഷിക്കാർ ഇതിനെ സംബന്ധിച്ചു കൊടുക്കുന്ന അപ്ലൈസു് മുഴുവൻ സ്വീകരിച്ചു് നടപ്പിൽ വരുത്തുന്നില്ല. ഇതിനെ സംബന്ധിച്ചു് ഏതെങ്കിലും ഡയറക്ഷൻ ഡിപ്പാർട്ടുമെൻറിൽനിന്നു കൊടുക്കുകയാണെങ്കിൽ അതു് ഓരോ കൃഷിക്കാരും അവരവരുടെ സൗകര്യംപോലെയാണു് ഉപയോഗിക്കുന്നതു്. അതുകൊണ്ടു് അവിടെയൊന്നംതന്നെ പൂർണ്ണമായിട്ടും ഫലപ്രദമായിട്ടില്ല.

ശ്രീ. എം. വി. വാസു : പാക്കേജ് പദ്ധതിയെക്കുറിച്ചു് കൂടുതൽ വിവരങ്ങൾ അറിയുന്നതിനു് കൃഷിക്കാർ ബി. ഡി. ഓ. മാരേയും എക്സ്റ്റൻഷൻ ഓഫീസേഴ്സിനേയും സമീപിക്കുമ്പോൾ, മറുഭാഗത്തു് ആവശ്യത്തു് എരിയായിൽനിന്നും ജലസേചന നികുതി ഈടാക്കുന്നതിനു് ഉദ്യോഗസ്ഥന്മാർ കൃഷിക്കാരെ സമീപിച്ചു് ജലനികുതിയ്ക്കുവേണ്ടി അവരുടെ പോത്തിനേയും, മൂരിയേയും, വിത്തിനേയും ജപ്തിചെയ്യുന്ന സംമ്പ്രദായം ഉണ്ടു്. അതിന്റെ ഫലമായി കൃഷിക്കാർക്കു് പാക്കേജ് പദ്ധതിയിലുള്ള വിശ്വാസം നഷ്ടപ്പെടുകയാണെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : പാക്കേജ്പദ്ധതിയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാരണംകൊണ്ടു് കൃഷിക്കാർക്കു് അവിശ്വാസം ഉണ്ടാകുമെന്നു് തോന്നുന്നില്ല. ജലസേചനനികുതി ഈടാക്കുന്നതിൽ വല്ല ക്രമക്കേടും കാണിക്കുന്നുണ്ടെങ്കിൽ അതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അതിനെപ്പറ്റി അന്വേഷിക്കാവുന്നതാണു്.

ശ്രീ. പി. ആർ. ഫ്രാൻസിസു് : പാക്കേജ്പദ്ധതി തൃശ്ശൂർ ജില്ലയിൽ ആരംഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നു് പറയാമോ ?

ശ്രീ. ഈ. പി. പൗലോസ് : തൃശ്ശൂർ ജില്ലയിൽ പാക്കേജ് പദ്ധതി ആരംഭിച്ചിട്ടില്ല. അവിടെ ഇൻറൻസീവു് കൾട്ടിവേഷൻ ആരംഭിച്ചിട്ടുണ്ടു്. അതു് നെൽകൃഷി കൂടുതൽ കാര്യക്ഷമമായിട്ടു് നടത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയാണു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : തോട്ടപ്പള്ളി സ്പിൽവേയിലുള്ള ന്യൂനതകൾ കാരണം അവിടെയുള്ള പാക്കേജ്പദ്ധതി വളരെയധികം വിജയപ്രദമാക്കാൻ സാധിക്കുന്നില്ല. വെള്ളപ്പൊക്കംകൊണ്ടു് കൃഷിനാശം സംഭവിക്കുന്നു. തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനലിനു് ആഴവും വീതിയും ഇല്ലാത്തതുകൊണ്ടു് വെള്ളപ്പൊക്കകാലത്തു് മടവീഴ്ചയുണ്ടാകുന്നു, അതിന്റെ ഫലമായിട്ടാണു് കൃഷിനാശം സംഭവിക്കുന്നതു്. അതിനൊരു പരിഹാരം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ ഗവണ്മെൻറിൽനിന്നും സ്വീകരിച്ചിട്ടുണ്ടെങ്കിലും അതു് നടപ്പിൽവരുത്തിയിട്ടില്ല. ഉടനെതന്നെ ആ നടപടികൾ നടപ്പിൽ വരുത്തുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർതന്നെ ഇവിടെ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. അതിനെത്തുടർന്ന് തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും തകരാറുണ്ടോയെന്ന് അന്വേഷിക്കുന്നതിന് ഇൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. അങ്ങനെ ആ ഡിപ്പാർട്ടുമെന്റിൽനിന്നും കൃഷിനാശം ഉണ്ടാകുന്നതിനെപ്പറ്റിയെല്ലാം അന്വേഷിക്കുകയുണ്ടായി. അവർ അന്വേഷിച്ചതിന്റെ ഫലമായി ചില ന്യൂനതകളും കണ്ടുപിടിക്കുകയും, അതു് തടയുന്നതിനാവശ്യമായ നടപടികളും എടുക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനൽ നടത്തുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. ഈ സ്കീമിൽ തന്നെ ഏതെങ്കിലും ഭാഗത്തിനു് ഭേദഗതികളും ആവശ്യമാണെങ്കിൽ അതും ആലോചിക്കാവുന്നതാണ്.

ആയുർവ്വേദ കോളേജുകൾ

* 592. [7] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആയുർവ്വേദ കോളേജുകൾക്കു് ഓരോന്നിനും കഴിഞ്ഞ രണ്ടുവർഷമായി ചെലവുവന്ന തുകയെത്ര ;

(ബി) തൃപ്പൂണിത്തുറ ആയുർവ്വേദ കോളേജ് കെട്ടിടംപണി എപ്പോൾ ആരംഭിക്കും ;

(സി) ടി കോളേജിനോടനുബന്ധിച്ചുള്ള ആസ്പത്രി ഇപ്പോഴുള്ള തൃപ്പൂണിത്തുറ ആസ്പത്രി തന്നെയാണോ ; അങ്ങിനെയാണെങ്കിൽ അതു വികസിപ്പിക്കാൻ എന്തു നടപടികളെടുക്കാൻ പോകുന്നു ;

(ഡി) ഈ കോളേജിന്റെയും, ആസ്പത്രിയുടേയും അഭിവൃദ്ധിക്കുള്ള പദ്ധതിക്കു എന്തു ചെലവുവരുമെന്നും അതെത്രകാലംകൊണ്ടു് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ആയുർവ്വേദകോളേജ്, തിരുവനന്തപുരം—3,47,557 രൂപ ; ആയുർവ്വേദകോളേജ്, തൃപ്പൂണിത്തുറ—1,30,743 രൂപ.

(ബി) അടുത്ത സാമ്പത്തിക വർഷത്തിൽ (1964—65) കെട്ടിടംപണി ആരംഭിക്കണമെന്നാണ് വിചാരിക്കുന്നതു്.

(സി) അല്ല. പുതിയ ആയുർവ്വേദകോളേജ് കെട്ടിടം പണിയുന്നതിനു വേണ്ടി അക്വയർ ചെയ്തിട്ടുള്ള സ്ഥലത്തു് കോളേജിനോടു് അനുബന്ധിച്ചു ഒരു ആശുപത്രി പണിയുന്നതിനാണ് ഗവണ്മെന്റുദ്ദേശിക്കുന്നതു്. ആയതിനാൽ ഇപ്പോഴുള്ള ആശുപത്രി വികസിപ്പിക്കേണ്ട ആവശ്യമില്ല.

(ഡി) കോളേജിന്റെയും ആശുപത്രിയുടേയും കെട്ടിടങ്ങൾക്കുള്ള പ്ലാൻ, എസ്റ്റിമേറ്റു് മുതലായവ തയാറായിക്കഴിഞ്ഞിട്ടില്ല. ഇവ പൂർത്തിയാക്കിക്കഴിഞ്ഞാൽ ഈ പദ്ധതിക്കു് എന്തു ചെലവു വരുമെന്നു തിട്ടപ്പെടുത്തുവാൻ സാധിക്കും. നാലാം പഞ്ചവത്സര പദ്ധതിക്കാലത്തു കെട്ടിടം പണി പൂർത്തിയാക്കാമെന്നു വിചാരിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ആയുർവ്വേദകോളേജ് സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടംപണി രണ്ടു കൊല്ലത്തിനുമുമ്പു് ആരംഭിച്ചുവെങ്കിലും ഇപ്പോഴും അതിന്റെ പണിക്കു് തടസമായിട്ടു നിൽക്കുന്നതെന്താണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly